**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **12-09-2023 - ൽ മറുപടിയ്ക്ക്**

**അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | മണലൂർ മണ്ഡലത്തിലെ അരിമ്പൂർ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിൽ കൊയ്ത്ത് മെതി യന്ത്രം, നടീൽ യന്ത്രം എന്നിവ എത്രയെണ്ണമുണ്ടെന്ന് അറിയിക്കാമോ; | (എ) | കൊയ്ത്ത് മെതിയന്ത്രം - 63 എണ്ണം<br>നടീൽ യന്ത്രം - 7 എണ്ണം |
| (ബി) | ആയതിൽ പ്രവർത്തന ക്ഷമമല്ലാത്തവ എത്രയെണ്ണമാണുള്ളത്; ഇവയുടെ കേടുപാടുകൾ തീർക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) | (1) പ്രവർത്തനക്ഷമമല്ലാത്ത കൊയ്ത്ത് മെതിയന്ത്രം - 37 എണ്ണം.<br>(2) പ്രവർത്തനക്ഷമമല്ലാത്ത നടീൽ യന്ത്രം - 4 എണ്ണം<br>റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കാൻ കഴിയുന്നവയിൽ അതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത സ്ഥാപനത്തെ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; | (സി) | ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി ജൈവകീടനാശിനി, ജൈവവളം, സൂക്ഷ്മ മൂലകങ്ങൾ എന്നിവ തയ്യാറാക്കി കർഷകർക്ക് വിതരണം നടത്തുന്നതിന് ആവശ്യമായ പദ്ധതി 2022-23 സാമ്പത്തിക വർഷം കെയ്കോയ്ക്ക് അനുവദിക്കുകയും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ഡി) | പ്രസ്തുത സ്ഥാപനത്തിലെ കരാർ നടപടികൾ സുതാര്യമല്ലെന്നും വർഷങ്ങളായി ഒരു കരാറുകാരന് മാത്രമാണ് കരാർ ലഭിക്കുന്നതെന്നുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കരാർ നടപടികൾ സുതാര്യമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിർമ്മാണ പ്രവർത്തികൾക്ക് കരാറുകാരെ തെരഞ്ഞെടുക്കുന്നത് ടെൻഡർ നടപടികളിലൂടെയാണ്. |

സെക്ഷൻ ഓഫീസർ